## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1134 — 20/01/2014-ൽ മറുപടിക്ക്

### സ്കൂളുകളിലെ സൗജന്യ യൂണിഫോം വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകുന്നതിന് തിരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഇത് എന്ന് മുതലാണ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത് ; | (എ) ഉണ്ട്. ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്യാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ഈ അദ്ധ്യയന വർഷം തന്നെ സംസ്ഥാനത്ത് സൗജന്യ സ്കൂൾ യൂണിഫോം വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014 ജനുവരി 17-ന് മുൻപ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന് സപ്ലൈ ഓർഡർ നൽകി വാങ്ങുവാനും വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും യൂണിഫോം അനുവദിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | (ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൂടി അനുവാദവും ഫണ്ടും ആവശ്യമാണ്. |
| (സി) യൂണിഫോം വിതരണത്തിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; പ്രത്യേക ഏജൻസികളെ നിശ്ചയിച്ചിട്ടുണ്ടോ, ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് വിശദമാക്കാമോ; | (സി) ടെൻഡർ ഫോർമുലേഷൻ ആന്റ് ഇവാല്വേഷൻ കമ്മിറ്റി 8 കമ്പനികളെ എംപാനൽ ചെയ്തിട്ടുണ്ട്. ടി കമ്പനികളിൽ നിന്നോ, ഗുണമേന്മ ഉറപ്പ് വരുത്തി പൊതു വിപണിയിൽ നിന്നോ തുണിത്തരങ്ങൾ വാങ്ങുവാനുള്ള അനുവാദം നിബന്ധനകളോടെ അതാത് സ്കൂൾ അധികാരികൾക്ക് |

നൽകിയിട്ടുണ്ട്. കമ്പനികളുടെ വിവരം ചുവടെ കൊടുക്കുന്നു.

1. മഫത്‌ലാൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, അഹമ്മദാബാദ്, ഗുജറാത്ത്.
2. സുസുക്കി ടെക്സ്റ്റൈയിൽസ് ലിമിറ്റഡ്, ബിൽവാരം, രാജസ്ഥാൻ.
3. അലോക് ഇൻഡസ്ട്രീസ്, മുംബൈ.
4. ബൻസ്വാര സിന്റെക്സ് ലിമിറ്റഡ്, മുംബൈ.
5. എസ്. കുമാർസ് നേഷൻവൈഡ് ലിമിറ്റഡ്, മുംബൈ.
6. സംഗം (ഇൻഡ്യ) ലിമിറ്റഡ്, ബിൽവാര, രാജസ്ഥാൻ.
7. ആർ.എസ്.ഡബ്ല്യു.എം, ബിൽവാര ടവേഴ്സ്, നോയിഡ, ഉത്തർപ്രദേശ്.
8. നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷൻ, ന്യൂഡൽഹി.

എംപാനൽ ചെയ്ത 8 കമ്പനികളിൽ നിന്നോ ഗുണമേന്മ ഉറപ്പ് വരുത്തി പൊതു വിപണിയിൽ നിന്നോ തുണിത്തരങ്ങൾ വാങ്ങുവാനുള്ള അനുവാദം നിബന്ധനകളോടെ അതാത് സ്കൂൾ എസ്.എം സി/ പി.റ്റി.എ കൾക്ക് നൽകിയി ട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന തലത്തിൽ ഒരേതരം യൂണിഫോമാണോ നൽകാൻ ഉദ്ദേശിക്കുന്നത് ; | (ഡി) | അല്ല. |
| (ഇ) | സ്കൂളുകളിലെ നിലവിലെ യൂണിഫോം തുടരുന്നതിന് സാധിക്കുമോ ; വിശദമാക്കാമോ ? | (ഇ) | യൂണിഫോം തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം അതത് സ്കൂൾ അധികാരികൾക്ക് നൽകിയിട്ടുണ്ട്. |

Mussaini Devi S

സെക്ഷൻ ഓഫീസർ